നം.ഇ.എസ്2/7195/2021/ആ.വ.ഡ

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 11/02/2021

## സർക്കുലർ

വിഷയം :- ആ.വ.ഡ – 2021 വർഷത്തിൽ ആരോഗ്യ വകുപ്പിൽ **സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്** ഒഴിവുകളിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് ഡി. പി. സി യോഗം ചേരുന്നത് – സംബന്ധിച്ച്.

സൂചന:- 1. ഇ. ഡി സെക്ഷനിൽ നിന്നുള്ള വേക്കൻസി റിപ്പോർട്ട്
2. ഉത്തരവ് നം. ഇ. എസ്2-579/2021/ആ.വ.ഡ, തീയതി. 10.02.2021 പ്രകാരം പ്രസിദ്ധീകരിച്ച **അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാരുടെ** സീനിയോറിറ്റി പട്ടിക

2021 വർഷത്തിൽ ആരോഗ്യ വകുപ്പിൽ **സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാരുടെ** നിലവിലുള്ളതും പ്രതീക്ഷിക്കുന്ന ഒഴിവുകളിലേക്കും സ്ഥാനക്കയറ്റം നൽകുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി സൂചന 2 പ്രകാരം തയ്യാറാക്കി പ്രസിദ്ധീകരിച്ച **അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാരുടെ** സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അക്കൗണ്ട് ടെസ്റ്റ് ഹയർ പാസ്സായിട്ടുള്ള ഓഫീസർമാർ 2018, 2019, 2020 കലണ്ടർ വർഷങ്ങളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഇനിയും സമർപ്പിച്ചിട്ടില്ലെങ്കിൽ ആയതും **അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്** തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിച്ച ഉത്തരവിന്റെ പകർപ്പും സഹിതം **2021 ഫെബ്രുവരി 25** നകം ഈ ആഫീസിൽ മേലധികാരി മുഖേന ലഭ്യമാക്കേണ്ടതാണ്. കോൺഫിഡൻഷ്യൽ റിപ്പോർട്ടിന്റെ മുകൾവശത്തായി അവരവരുടെ മൊബൈൽ ഫോൺ നമ്പർ കൂടി രേഖപ്പെടുത്തേണ്ടതാണ്.

കോൺഫിഡൻഷ്യൽ റിപ്പോർട്ടിനോടൊപ്പം സെൽഫ് അസസ്സ്മെന്റ് വ്യക്തമായും കാര്യമാത്ര പ്രസക്തമായും, കഴിവതും ടൈപ്പ് ചെയ്തും സമർപ്പിക്കേണ്ടതാണ്. ഒരു കലണ്ടർ വർഷത്തേയ്ക്കാണ് കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടത്. ഒരു കലണ്ടർ വർഷത്തിൽ ഒരു ഉദ്യോഗസ്ഥൻ ഒന്നിലധികം സ്ഥാപനങ്ങളിൽ ജോലി ചെയ്തിട്ടുണ്ടെങ്കിൽ പ്രത്യേകം പ്രത്യേകം റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടതാണ്.

ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി

സ്വീകർത്താവ്

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
   (ആരോഗ്യ വകുപ്പ് വെബ് സൈറ്റ് മുഖേന)
2. സൂപ്രണ്ട്, ഇ. ഡി. സെക്ഷൻ, ഡി. എച്ച്. എസ് ഓഫീസ്